ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

**DATE: 02-06-2026** പ്രധാന വാർത്തകൾ **TIME: 07.25 AM**

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയും മ്യാൻമർ പ്രസിഡന്റ് യു മിൻ ഓങ് ലെയ്ങ്ങും ഉഭയകക്ഷി ചർച്ചകൾ നടത്തി. മ്യാൻമറിന്റെ പരമാധികാരത്തിനും അഖണ്ഡതയ്ക്കുമുള്ള ഇന്ത്യയുടെ പിന്തുണ ആവർത്തിച്ച് പ്രധാനമന്ത്രി.

   **Prime Minister Narendra Modi and Myanmar President U Min Aung Hlaing hold bilateral talks; PM reaffirms India's support for Myanmar's sovereignty and integrity.**

2. ഇന്ത്യ- ഓസ്ട്രേലിയ പ്രതിരോധതല ബന്ധം ശക്തിപ്പെട്ടതായി രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്. സാങ്കേതിക ഗവേഷണങ്ങളിൽ സഹകരണം മെച്ചപ്പെടുത്താൻ ധാരണ.

   **India-Australia defence ties strengthened, says Defence Minister Rajnath Singh; agreement reached to enhance defence industrial collaboration in futuristic technology research.**

3. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാര കരാറിലെ ഭൂരിഭാഗം വിഷയങ്ങളിലും ധാരണയിലെത്തിയതായി കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ.

   **Commerce and Industry Minister Piyush Goyal states India and the US have finalised most elements of the first phase of the bilateral trade agreement.**

4. നിയമസഭാ ഡെപ്യൂട്ടി സ്പീക്കറെ തിരഞ്ഞെടുക്കാൻ ഇന്ന് വോട്ടെടുപ്പ്. ഗവർണറുടെ നയപ്രഖ്യാപനത്തിൻമേലുള്ള നന്ദി പ്രമേയ ചർച്ചയ്ക്കും ഇന്ന് തുടക്കം.

**Voting today to elect Legislative Assembly Deputy Speaker; discussion on Motion of Thanks to Governor's address also begins today.**

5. **കേരളത്തിൽ മഴ ശക്തി പ്രാപിക്കുന്നു. ഇന്ന് 10 ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത. കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 5 വരെ മത്സ്യബന്ധനത്തിന് വിലക്ക്.**

   **Rain intensifies in Kerala; yellow alert in 10 districts and Lakshadweep today; fishing banned off Kerala and Lakshadweep coasts till 5th of this month.**

6. **അണ്ടർ 18 ഏഷ്യാ കപ്പ് ഹോക്കിയിൽ കൊറിയയ്ക്കെതിരെ ഇന്ത്യക്ക് ജയം.**

   **India defeats Korea in Under-18 Asia Cup Hockey.**

*****************************

## VIKRAM MISRI (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയും മ്യാൻമർ പ്രസിഡന്റ് യു മിൻ ഓങ് ലെയ്ങ്ങും വിവിധ വിഷയങ്ങളിൽ ഉഭയകക്ഷി ചർച്ചകൾ നടത്തി. വ്യാപാരം, നിക്ഷേപം, ആരോഗ്യം, വിദ്യാഭ്യാസം, ഊർജം എന്നീ മേഖലകളിൽ കൂടുതൽ സഹകരണത്തിന് ഇരുപക്ഷവും താല്പര്യം പ്രകടിപ്പിച്ചതായി വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മ്യാൻമറിന്റെ പരമാധികാരത്തിനും അഖണ്ഡതയ്ക്കുമുള്ള ഇന്ത്യയുടെ പിന്തുണ പ്രധാനമന്ത്രി ആവർത്തിച്ചതായും, അദ്ദേഹം പറഞ്ഞു. തന്ത്രപ്രധാനമായ കലാദൻ മൾട്ടി മോഡൽ ട്രാൻസിറ്റ് പദ്ധതി വേഗത്തിൽ പൂർത്തിയാക്കാൻ ചർച്ചയിൽ ധാരണയായതായും വിദേശകാര്യ സെക്രട്ടറി അറിയിച്ചു.

**(ഹോൾഡ് വോയ്സ്.........)**

*****************************

## PREZ-MYANMAR PREZ

ഇന്ത്യയും മ്യാൻമറും തമ്മിലുള്ള നൂറ്റാണ്ടുകൾ പഴക്കമുള്ള ബന്ധവും ബുദ്ധമത പൈതൃകവും ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങൾക്ക് ഊഷ്മളത നൽകുന്നതായി രാഷ്ട്രപതി ദ്രൗപതി മുർമു. ഇന്നലെ രാഷ്ട്രപതി ഭവനിൽ മ്യാൻമർ പ്രസിഡന്റ് യു മിൻ ഓങ് ലെയ്ങ്ങിന് സ്വീകരണം നൽകി.

*****************************

## PM-ARTICLE CEPA

ഇന്ത്യ - ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ ഇന്ത്യൻ കയറ്റുമതിക്കാർക്ക് വിപണികൾ വൈവിധ്യവത്കരിക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അവസരമൊരുക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കരാറിനെക്കുറിച്ച് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ എഴുതിയ ലേഖനം പ്രധാനമന്ത്രി സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ചു. കരാർ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിന് ശക്തിപകരുമെന്ന് ശ്രീ ഗോയൽ പറഞ്ഞു. ഇന്ത്യ-ഒമാൻ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ ഇന്നലെയാണ് പ്രാബല്യത്തിൽ വന്നത്.

*****************************

## RAJNATH SINGH (INTRO)

സ്വതന്ത്രവും സുസ്ഥിരവും സമൃദ്ധവുമായ ഇന്തോ-പസഫിക് മേഖലയ്ക്കായി പരസ്പര സഹകരണം വർദ്ധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ആവർത്തിച്ച് ഇന്ത്യയും ഓസ്ട്രേലിയയും. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ-ഓസ്ട്രേലിയ പ്രതിരോധ മന്ത്രിമാരുടെ ചർച്ചയുടെ രണ്ടാം പതിപ്പിൽ, ഭാവി സാങ്കേതിക ഗവേഷണങ്ങളിൽ പ്രതിരോധ വ്യവസായ സഹകരണം മെച്ചപ്പെടുത്താൻ ധാരണയായി. രാജ്യരക്ഷാ മന്ത്രി രാജ്നാഥ്

സിംഗും ഓസ്ട്രേലിയൻ ഉപപ്രധാനമന്ത്രി റിച്ചാർഡ് മാർലെസും സംയുക്തമായാണ് യോഗത്തിൽ അധ്യക്ഷത വഹിച്ചത്. ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രതിരോധതല ബന്ധം ഗണ്യമായി ശക്തിപ്പെട്ടിട്ടുണ്ടെന്നും ശ്രീ സിംഗ് പറഞ്ഞു.

**(ഹോൾഡ് വോയ്സ്.........)**

*****************************

## INDO-US TRADE TALKS

ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാര കരാറിലെ ഭൂരിഭാഗം വിഷയങ്ങളിലും ധാരണയിലെത്തിയതായി കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ഒന്നാം ഘട്ട ഇടക്കാല കരാറിന് അന്തിമരൂപം നൽകുന്നതിനുള്ള ചർച്ചകൾക്കായി യു.എസ് പ്രതിനിധി സംഘം ന്യൂഡൽഹിയിൽ എത്തിയതായി അദ്ദേഹം പറഞ്ഞു. ഇന്ന് മുതൽ ഈ മാസം 4 വരെ ന്യൂഡൽഹിയിലാണ് ചർച്ച.

*****************************

## NIYAMA SABHA (INTRO)

നിയമസഭാ ഡെപ്യൂട്ടി സ്പീക്കറെ തിരഞ്ഞെടുക്കാൻ ഇന്ന് വോട്ടെടുപ്പ്. എൽ.ഡി.എഫിൽ നിന്ന് മുഹമ്മദ് മുഹ്സിൻ പത്രിക നൽകിയതോടെയാണ് വോട്ടെടുപ്പ് വേണ്ടിവന്നത്. ഷാനിമോൾ ഉസ്മാനാണ് യു.ഡി.എഫ് സ്ഥാനാർഥി. ബി.ജെ.പി മത്സരിക്കുന്നില്ല.

**വിശദാംശങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.........**

(വോയിസ്)

*****************************

## RAIN - KERALAM

കേരളത്തിൽ മഴ ശക്തി പ്രാപിക്കുന്നു. ഇന്ന് 10 ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ മഴ അതിശക്തമാകാൻ സാധ്യതയുള്ളതിനാൽ നാല് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റ് എല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയുമാണ്. കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 5 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കർണാടക തീരത്ത് നാളെ മുതൽ വെള്ളിയാഴ്ച വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും നിർദ്ദേശം.

******************************

## BHOOTHATHAANKETTU

ജലനിരപ്പ് ക്രമീകരിക്കുന്നതിനായി ഭൂതത്താൻകെട്ട് ബാരേജിന്റെ ഷട്ടറുകൾ ഇന്നു മുതൽ ഘട്ടം ഘട്ടമായി ഉയർത്തും. പെരിയാറിൽ നീരൊഴുക്ക് കൂടാൻ സാധ്യതയുള്ള പശ്ചാത്തലത്തിൽ ജലനിരപ്പ് 30 മീറ്ററിന് താഴെയായി ക്രമീകരിക്കുന്നതിനാണ് ഷട്ടറുകൾ ഉയർത്തുന്നത്.

******************************

## IRAN US CEASEFIRE

ലെബനനിൽ ഹിസ്ബുള്ളയ്ക്കെതിരായി ഇസ്രായേൽ നടത്തുന്ന ആക്രമണങ്ങൾ ഇറാനും യു.എസുമായുള്ള വെടിനിർത്തൽ കരാറിന് ഭീഷണിയാകുമെന്ന് ഇറാൻ. യു.എസുമായുള്ള കരാർ പ്രകാരം എല്ലാ മുന്നണികളിലും വെടിനിർത്തൽ പ്രാബല്യത്തിൽ വരണമെന്നും, ഏതെങ്കിലും പ്രദേശത്ത് ലംഘനമുണ്ടായാൽ അത് മുഴുവൻ കരാറിന്റെയും ലംഘനമാണെന്നും ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി പറഞ്ഞു.

******************************

## TRUMP ISRAEL HEZBOLLAH

ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായും, ഹിസ്ബുള്ളയുമായും നടത്തിയ ചർച്ചയിൽ ആക്രമങ്ങൾ നിർത്തിവയ്ക്കാൻ ഇരുപക്ഷവും സമ്മതിച്ചതായി യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. സമൂഹമാധ്യമത്തിലൂടെയാണ് ട്രംപ് ഇക്കാര്യം അറിയിച്ചത്. ഇസ്രായേലും ഹിസ്ബുള്ളയും തമ്മിൽ നടക്കുന്ന അക്രമങ്ങൾ രൂക്ഷമായതിനെ തുടർന്നായിരുന്നു ചർച്ച.

*****************************

## HOCKEY-U18-ASIA-IND

ജപ്പാനിൽ നടക്കുന്ന പുരുഷ അണ്ടർ 18 ഏഷ്യാ കപ്പ് ഹോക്കി - മൂന്നാം പൂൾ എ മത്സരത്തിൽ കൊറിയയ്ക്കെതിരെ ഇന്ത്യക്ക് ജയം. ഒന്നിനെതിരെ 4 ഗോളുകൾക്കാണ് ഇന്ത്യയുടെ ജയം. ജയത്തോടെ, പൂൾ എയിൽ കൊറിയയ്ക്കും ജപ്പാനുമൊപ്പം ഇന്ത്യ ആറ് പോയിന്റുമായി സമനിലയിലെത്തി.

*****************************

## YOUTH AFFAIRS-ROWERS TOPS

2026 ഏഷ്യൻ ഗെയിംസിന് മുന്നോടിയായി 22 തുഴച്ചിൽ കായികതാരങ്ങളെ ടാർഗെറ്റ് ഒളിമ്പിക് പോഡിയം സ്കീമിന്റെ ഡെവലപ്മെന്റ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി കേന്ദ്ര യുവജന കായിക മന്ത്രാലയം. വ്യക്തിഗത മെഡൽ സാധ്യതകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതെ, മികച്ച കായികനിരയെ വാർത്തെടുക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രാലയം വ്യക്തമാക്കി.

*****************************

## GOVT-12 YRS EMPOWERMENT OF WOMEN

കഴിഞ്ഞ 12 വർഷത്തിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ പ്രധാന മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങളെ കുറിച്ച് ആകാശവാണി പ്രത്യേക പരിപാടി ഒരുക്കുന്നു. ഇന്ന് സ്ത്രീ ശാക്തീകരണത്തിനായി സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ചറിയാം. പ്രധാൻ മന്ത്രി മുദ്ര യോജന വഴി വിതരണം ചെയ്ത 40 ലക്ഷം കോടി രൂപയുടെ വായ്പകളിൽ 17 ലക്ഷം കോടിയും വനിതാ സംരംഭകർക്കാണ് ലഭിച്ചത്. സ്ത്രീകളുടെ സമ്പാദ്യ ശീലവും വരുമാനവും വർദ്ധിപ്പിക്കുന്നതിനായി സുകന്യ സമൃദ്ധി യോജന, വുമണിയ, 'ലക്പതി ദീദി' തുടങ്ങിയ പദ്ധതികളും മികച്ച രീതിയിൽ പ്രവർത്തിക്കുന്നു.

******************************

## CMRL

സി എം ആർ എല്ലിനെതിരെയുള്ള എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നടപടികൾ വെള്ളിയാഴ്ചവരെ നിർത്തിവെക്കാൻ ഹൈക്കോടതി ഉത്തരവിട്ടു. സി എം ആർ എൽ സമർപ്പിച്ച അപ്പീലിൽ വിധി പറയുന്നതിനായി കേസ് വെള്ളിയാഴ്ചത്തേക്ക് മാറ്റി.

******************************

## OPERATION THOOFAN

ലഹരിക്കെതിരായി സംസ്ഥാന ആഭ്യന്തര വകുപ്പ് ആരംഭിച്ച 'ഓപ്പറേഷൻ തൂഫാൻ; ദി നാർക്കോ ഹണ്ട്" പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവ്വഹിക്കും. ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ചടങ്ങിൽ

അദ്ധ്യക്ഷത വഹിക്കും.

*****************************

## UTTARAKHAND - VALLEY OF FLOWERS

യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെട്ട ഉത്തരാഖണ്ഡിലെ, ചമോലി ജില്ലയിൽ സ്ഥിതി ചെയ്യുന്ന വാലി ഓഫ് ഫ്ലവേഴ്സ്, വിനോദസഞ്ചാരികൾക്കായി തുറന്നുകൊടുത്തു. 300-ലധികം ഇനം പൂക്കളുടെയും നിരവധി അപൂർവ സസ്യജാലങ്ങളുടെയും ആവാസ കേന്ദ്രമാണ് ഇത്. ഒക്ടോബർ 31 വരെ താഴ്വര സന്ദർശകർക്കായി തുറന്നിരിക്കും.

*****************************

## BJP - MEETING 12 YEARS

നരേന്ദ്ര മോദി സർക്കാരിന്റെ 12 വർഷത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലുമായി ബന്ധപ്പെട്ട് ബി.ജെ.പി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ ഇന്നലെ ന്യൂഡൽഹിയിൽ പാർട്ടി ഭാരവാഹികളുമായും പ്രവർത്തകരുമായും ചർച്ച നടത്തി. കേന്ദ്ര സർക്കാരിന്റെ 12 വർഷത്തെ പ്രവർത്തനങ്ങൾ ഇന്ത്യയെ എല്ലാ മേഖലകളിലും പുരോഗതിയിലേക്ക് നയിച്ചതായി അദ്ദേഹം പറഞ്ഞു.

*****************************

## MALAYSIA- SOCIAL MEDIA BAN

16 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സമൂഹ മാധ്യമ അക്കൗണ്ടുകൾ നിരോധിച്ച് മലേഷ്യ. സമൂഹ മാധ്യമങ്ങളുടെ അമിത ഉപയോഗത്തിന് നിയന്ത്രണം കൊണ്ടുവരുന്നതിനാണ് നടപടി. ഓസ്ട്രേലിയ, ബ്രസീൽ, ഇന്തോനേഷ്യ എന്നിവയുൾപ്പെടെയുള്ള രാജ്യങ്ങളും കുട്ടികളുടെ സമൂഹമാധ്യമ ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

*********************************************

*************************************